# ഇളമൊഴി

## ഡിജിറ്റൽ മാഗസിൻ

നിർമ്മാണം
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
സെൻതോമസ് ഹൈസ്ക്കൂൾ തോട്ടക്കാട്

### എഡിറ്റോറിയൽ

<u>ചീഫ് എഡിറ്റർ</u>

:ഗ്രേസ് ബിനു

<u>അസോസിയേറ്റ് എഡിറ്റേഴ്സ്</u>

:സച്ചു സി
:അർജ്ജുൻ ആർ.



സെന്റ് തോമസ് ഹൈസ്ക്രൂൾ തോട്ടക്കാട്.

ആശംസകളോടെ....

ഭാഷയുടെ നൂതന തലത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്ന പുതിയയുഗത്തിൽ ...ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും ആശംസകൾ നേരുന്നു... എന്ന്

ജാല ചാക്കോ (പ്രധാന അധ്യാപിക..)

# ജീവിതശലഭം

ഓരോ നോവിനിടയിലും
ജീവിതമാം ശലഭം
നീയാകുന്ന പൂവിൽ എത്തുന്നു..
തേൻ നിറഞ്ഞങ്ങു നിൽക്കുന്നു..
നിന്നിൽ ഉണ്ടാകുന്ന
ജീവിത സ്പർശങ്ങൾ
എന്നിൽ മഴത്തുള്ളിയായി വീഴുന്നു
ജീവിതത്തിൻ ഓരോ പാതയിലും
നിൻ വഴി തേടി ഞാനലയുന്നു...
നിന്നിൽ എന്നെ ഞാൻ കാണുന്നു...

ബിൻസ ബിജു 9 b

# കഥ

## ചങ്ങാതിമാർ

ഒരു ചെറിയ കാട്ടിൽ മൂന്ന് സ്നേഹമുള്ള ചങ്ങാതിമാർ ഉണ്ടായിരുന്നു.അവരുടെ പേര് മിനു,മല്ലിക,മാളു.ഒരു ദിവസം അവർ മൂന്നുപേരും കാട്ടിലൂടെ നടക്കുമ്പോൾ ഒരു ശബ്ദം കേട്ടു ആരെയും കണ്ടില്ല അപ്പോഴാണ് അവർ ഒരു കുഴി കണ്ടത്.മൂന്നുപേരും ഓടിച്ചെന്ന് നോക്കിയപ്പോൾ അവർ ഒരു കാഴ്ച കണ്ടു  മനു ആയിരുന്നു ആ കുഴിയിൽ. മനു എപ്പോഴും ഉപദ്രവിക്കുമെങ്കിലുംഅവർ അതിനെ രക്ഷപ്പെടുത്തുവാൻ വേണ്ടിയുള്ള മാർഗ്ഗം നോക്കി.ആ കുഴിയിലേക്ക് ഒരു കമ്പിട്ട് കൊടുത്തുവെങ്കിലും അതിൽ പിടിച്ചു കയറുവാൻ മനുവിന് സാധിച്ചില്ല ഒരു കയർ വേഗം ചെന്ന് മനുവിനു കൊടുത്തു. മനു ആ കയറിൽ പിടിച്ചു വേഗം കരക്ക് കയറി. താൻ ഉപദ്രവിച്ചതിന് എല്ലാം അവരോട് മാപ്പ് ചോദിച്ചുകൊണ്ട് മനുവേഗം വീട്ടിലേക്ക് പോയി

എബിനി അന്നാ വിനീഷ് (৭ b)

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും
പെയ്തൊഴിയുന്നതില്ലൊരു
കണ്ണുനീർ തുള്ളിപോലും
ഘനമേറെയാണ് താനും
ആർത്തലച്ചു പെയ്യണം
ലഘുവായി വീണ്ടും വാനിലായ്
ഉണർന്നുയരാൻ പൊഴിയണം
ചക്രമതു പോലെ തുടരുന്നു ജീവിതം

അലോന മരിയ ജോസഫ്(9 b)

കഥ

## സകുടുംബം

ആ വീട്ടിൽ മൂന്ന് കുട്ടികളും അച്ഛനും അമ്മയും ഉണ്ട് അവരുടെ ജീവിതം വളരെ സന്തോഷമായി പോവുകയായിരുന്നു. അപ്പോൾ അച്ഛന് ഒരു അപകടം ഉണ്ടായി  അങ്ങനെ അച്ഛൻ കിടപ്പിലായി.പതിയെ പതിയെ അവരുടെ കുടുംബം പട്ടിണിയായി.അങ്ങനെയിരിക്കെ കുട്ടികളിൽ മൂത്തവൾ ജോലിക്ക് പോകാൻ ഒരുങ്ങി രണ്ട് അനുജത്തിമാരുടെ പഠന ചിലവ് അവളെക്കൊണ്ട് താങ്ങാൻ സാധിക്കുന്നില്ലാതെ അമ്മയും ജോലിക്ക് പോകാൻ തുടങ്ങി.പ്രായമായ അമ്മയ്ക്ക് ജോലി ചെയ്യുക എന്ന് പറയുന്നത് വളരെ പ്രയാസം ഏറിയത് ആയിരുന്നു. പക്ഷേ കുടുംബം പുലർത്താനായി വേറെ നിവൃത്തിയില്ലായിരുന്നു. ജോലിയോടൊപ്പം തന്നെ മൂത്തവൾ പഠിക്കുകയും ചെയ്തു കഠിനാധ്വാനത്തിലൂടെ അവൾ നല്ലൊരു ജോലി സമ്പാദിച്ചു. കുടുംബം സന്തോഷത്തോടെ പുലർന്നുപോകുന്നു.

അനുശ്രീ. എ.ആർ (9b)

# സ്നേഹജീവിതം

ജീവിതത്തിൽ വഴിത്താരയിൽ
നീ മഴയായി പെയ്യുക...
ജീവിതത്തിൻ കൈപ്പു നുകർന്നു
നീ
ഈ ചുണ്ടിൽ മധുരമായ്
നൽകുക..
നിന്നിലെ സ്നേഹത്തിൻ
വഴിത്താരയിൽ നിന്നിലെ
ശലഭമായി മാറുന്നു ഞാൻ...

ആദിത്യ സി സുനിൽ (9b)